ഫാറം-2

ചട്ടം 16(1) കാണുക

പെരുമ്പാവൂർ മുനിസിപ്പല് കൗൺസിൽ

09.02.2022 ലെ സ.ഉ.(കൈ) 22/2022/ എൽഎസ്ജിഡി നമ്പര് ഉത്തരവ് പ്രകാരം പെരുമ്പാവൂർ മാസ്റ്റര് പ്ലാനിന് സർക്കാര് അന്തിമ അനുമതി നൽകിയിരുന്നു. മാസ്റ്റർ പ്ലാന് വ്യവസ്ഥകൾ നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട് ചില ബുദ്ധിമുട്ടുകള് നേരിട്ട സാഹചര്യത്തില് മാസ്റ്റർ പ്ലാൻ പുനരവലോകനം ചേയ്യേണ്ട ആവശ്യകത ഉണ്ടാ യി. 30.01.2024 -ലെ സ.ഉ.(കൈ) 16/2024/എൽഎസ്ജിഡി നമ്പര് ഉത്തരവ് പ്രകാരം പെരുമ്പാവൂര് മാസ്റ്റര് പ്ലാന് പുനരവലോകനം ചെയ്യുന്നതിനുള്ള ശുപാർശ നൽകുന്നതിനായി ആക്ടിൻറെ 32(1) വകുപ്പ് പ്രകാരം മാസ്റ്റർ പ്ലാന് അവലോകന കമ്മിറ്റി എന്ന പേരിൽ ഒരു സ്പെഷ്യല്കമ്മിറ്റി രൂപീകരിക്കുവാനും, തുടർന്ന് ആക്ടിൻറെ 50(1)-ാം വകുപ്പ് പ്രകാരം പെരുമ്പാവൂർ മാസ്റ്റര് പ്ലാന് ഭേദഗതി വരുത്തുന്നതിനും നഗരസഭയ്ക്ക് അനുമതി നൽകി ഉത്തരവായിരുന്നു. ടി ഉത്തരവിൻറെ അടിസ്ഥാനത്തില് മാസ്റ്റര് പ്ലാനില് വ്യതിയാനം വരുത്തുന്നതിനുള്ള ഉദ്ദേശം വിജ്ഞാപനം ചെയ്യുന്നു.

2016-ലെ കേരള നഗര-ഗ്രാമാസൂത്രണ ആക്ടിലെ 36-ആം വകുപ്പ് 1-ആം ഉപവകുപ്പ് പ്രകാരവും 50-ആം വകുപ്പ് 2-ആം ഉപവകുപ്പ് പ്രകാരവും പെരുമ്പാവൂർ മുനിസിപ്പല് കൗൺസില് താഴെ വിശദമാക്കിയിരിക്കുന്ന അതിരുകളോട് കൂടിയ ആസൂത്രണ പ്രദേശത്തിന് വേണ്ടി അംഗീകൃത മാസ്റ്റർ പ്ലാനില് വ്യതിയാനം വരുത്തുന്നതിന് 15-06-2024 തീയതിയില് നടന്ന യോഗത്തിലെ 1-ആം നമ്പർ പ്രമേയം പ്രകാരം തീരുമാനിച്ചിരിക്കുന്നു.

(എ) അതിരുകൾ

| | | |
|---|---|---|
| വടക്ക് | : | ഒക്കൽ ഗ്രാമപഞ്ചായത്ത്, കൂവപ്പടി ഗ്രാമപഞ്ചായത്ത്. |
| കിഴക്ക് | : | രായമംഗലം ഗ്രാമപഞ്ചായത്ത്. |
| തെക്ക് | : | രായമംഗലം ഗ്രാമപഞ്ചായത്ത്, വെങ്ങോല ഗ്രാമപഞ്ചായത്ത്. |
| പടിഞ്ഞാറ് | : | വാഴക്കുളം ഗ്രാമപഞ്ചായത്ത്, പെരിയാർ നദി. |

(ബി) ആസൂത്രണ പ്രദേശത്തിൻറെ ഏകദേശ വിസ്തൃതി - 1359 ഹെക്ടർ

2016-ലെ കേരള നഗര-ഗ്രാമാസൂത്രണ ആക്ടിലെ 36-ആം വകുപ്പ് 1-ആം ഉപവകുപ്പ് പ്രകാരവും 50-ആം വകുപ്പ് 2-ആം ഉപവകുപ്പ് പ്രകാരവും ടി വിവരം ഇതിനാൽ വിജ്ഞാപനം ചെയ്യുന്നു.

(ഒപ്പ്)
സെക്രട്ടറി

(ഒപ്പ്)
ചെയർമാന്

സ്ഥലം : പെരുമ്പാവൂർ

തീയതി : 28/06/2024

PUBLISHED BY THE SUPERINTENDENT OF GOVERNMENT PRESSES
AT THE GOVERNMENT CENTRAL PRESS, THIRUVANANTHAPURAM, 2024

Digitally signed by VEERAN T
Date 2024.07.08 04.13.01 +05:30

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/